بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 01.02.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

**01.02.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

**നബി(സ)തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബി ഹദ്റത്ത് അബൂ ഹുദൈഫ ബിൻ ഉത്ബ(റ)ന്റെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.**

اَشْھَدُ اَنْ لَّا اِلٰهَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ۝ الرَّحْمٰنِ الرَّحِیْمِ ۝ مٰلِکِ یَوْمِ الدِّیْنِ ۝ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ۝

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ۝ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് വിവരിക്കുന്ന സഹാബിയുടെ നാമം ഹദ്റത്ത് അബൂ ഹുദൈഫ ബിൻ ഉത്ബ എന്നാണ്. അദ്ദേഹത്തിന് നല്ല ഉയരമുണ്ടായിരുന്നു. സൗന്ദര്യവാനുമായിരുന്നു. തിരുനബി(സ) ദാറുൽ അർഖമിൽഎത്തുന്നതിന് മുമ്പ് തന്നെ അദ്ദേഹം ഇസ്ലാംസ്വീകരിച്ചിരുന്നു. അദ്ദേഹം പ്രാരംഭ കാലവിശ്വാസികളിൽ ഉൾപ്പെടുന്നു. ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർഅഹ്മദ് സാഹിബ് എഴുതുന്നു, അബൂ ഹുദൈഫ ബിൻ ഉത്ബ, ബനീ ഉമയ്യാഗോത്രക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉത്ബ ബിൻ റബീഅ ഖുറൈശികളുടെ നേതാക്കന്മാരിൽ പെട്ട വ്യക്തിയാണ്.ഹദ്റത്ത് അബൂ ഹുദൈഫ ഹബ്ശയിലേയ്ക്കുള്ള രണ്ട് ഹിജ്റത്തിലും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് സഹ്ല ബിൻത് സുഹൈലും അദ്ദേഹത്തോടൊപ്പം ഹിജ്റത്ത് ചെയ്യുകയുണ്ടായി. മുസ്ലിംങ്ങൾക്കുമേലുണ്ടായ പീഢനം അതിന്റെ പാരമ്യതയിൽ എത്തുകയും ഖുറൈശികൾ അക്രമത്തിൽ അതിരുകടക്കുകയും ചെയ്തപ്പോൾ തിരുനബി(സ) മുസ്ലിംങ്ങളോട്പറഞ്ഞു, നിങ്ങളിൽ സാധിക്കുന്നവർ ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്യുക. ഹബ്ശയിലെ രാജാവ് നീതിജ്ഞനും ന്യായപാലകനുമാണ്. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ ആരുടെമേലും അക്രമം ഉണ്ടാകുകയില്ല. അങ്ങനെ തിരുനബി (സ)യുടെ നിർദ്ദേശപ്രകാരം 5 റജബ് നബവിയിൽ പതിനൊന്ന് പുരുഷന്മാരും നാല് സ്ത്രീകളും ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. അതിലുണ്ടായിരുന്ന അബൂഹുദൈഫ ബിൻ ഉത്ബയെ കുറിച്ചാണ് ഇപ്പോൾ വിവരിക്കുന്നത്. അങ്ങനെ ഈ മുഹാജിറുകൾ ദക്ഷിണ ദിക്കിലേയ്ക്ക് യാത്ര ചെയ്ത് ശുഅയ്ബ എന്ന അറേബ്യൻ തുറമുഖത്തിലെത്തി. അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഹബ്ശയിലേയ്ക്ക് പുറപ്പെടാൻ പൂർണ്ണമായും സജ്ജമായി നില്ക്കുന്ന ഒരു കച്ചവട കപ്പൽ ലഭിച്ചു. അതിൽ കയറി ഹബ്ശയിലെത്തിയ ശേഷം മുസ്ലിംങ്ങൾക്ക് അങ്ങേയറ്റം സാമാധനപൂർണ്ണമായ ജീവിതം കരസ്ഥമായി. ഒടുവിൽ ഖുറൈശികളുടെ അക്രമത്തിൽ നിന്ന് അവർക്ക് മോചനം ലഭിച്ചു. എന്നാൽ ചില ചരിത്രകാരൻമാർ വിവരിക്കുന്നു, ഹബ്ശയിൽ എത്തി അധികനാൾ കഴിയുന്നതിന് മുമ്പ്തന്നെ, ഖുറൈശികൾ എല്ലാവരും മുസ്ലിംങ്ങളായെന്നും മക്കയിൽ പൂർണ്ണ സമാധാനാന്തരീക്ഷമാണുള്ളത് എന്നൊക്കെയുള്ള ഒരു കിംവദന്തി അവിടെ പരന്നു. അതുകേട്ടതും മിക്ക മുഹാജിറുകളും ഒന്നും ചിന്തിക്കാതെ മക്കയിലേയ്ക്ക് തിരിച്ചു.

എന്നാൽ മക്കയിലെത്തും മുമ്പ് തന്നെ അവർക്ക് യാഥാർഥ്യം മനസ്സിലായി. അതിൽ ചിലർ രഹസ്യമായും മറ്റുചിലർ ഖുറൈശികളുടെ നേതാക്കളിൽ പ്രബലരുടെയും സ്വാധീനമുള്ളവരുടെയും സംരക്ഷണത്തിൽ മക്കയിൽ പ്രവേശിച്ചു. ബാക്കിയുള്ളവർ തിരിച്ചും പോയി. അല്ലാഹുഅഅ്ലം. ഹബ്ശയിൽ നിന്ന് തിരിച്ച് വന്ന മുഹാജിറുകളിൽ അധിക പേരും വീണ്ടും ഹബ്ശയിലേയ്ക്ക് തന്നെ മടങ്ങുകയാണുണ്ടായത്. ദിവസം കഴിയുന്തോറും ഖുറൈശികൾ അവരുടെ പീഢനമുറകൾക്ക് ആക്കം കൂട്ടികൊണ്ടിരുന്നു. അവരുടെ അക്രമം അനുദിനം വർദ്ധിച്ച് കൊണ്ടിരുന്നു. ആയതിനാൽ തിരുനബി(സ)യുടെ കല്പനപ്രകാരം മറ്റ് മുസ്ലിംങ്ങളും രഹസ്യമായി ഹിജ്റത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തി. അവസരം നോക്കി മെല്ലെ മെല്ലെ അവർ മക്ക വിട്ടു കൊണ്ടിരുന്നു. ഈ ഹിജ്റത്തിന്റെ പരമ്പര തുടരുകയും ഹബ്ശയിലെ മുഹാജിറുകളുടെ എണ്ണം അവസാനം പതിനെട്ട് സ്ത്രീകളടക്കം നൂറ് വരെ എത്തി. മക്കയിൽ തിരുനബി(സ)യുടെ അടുത്ത് വളരെ കുറച്ച് മുസ്ലിംങ്ങൾ മാത്രം ബാക്കിയായി. ഈ ഹിജ്റത്തിന് ചില ചരിത്രകാരന്മാർ രണ്ടാം ഹബ്ശ ഹിജറത്ത് എന്നും വിളിച്ചിട്ടുണ്ട്. പിന്നീട് മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്യുവാൻ അനുവാദം ലഭിച്ചപ്പോൾ അബൂഹുദൈഫ അദ്ദേഹം മോചിപ്പിച്ച അടിമ ഹദ്റത്ത് സാലിമിനോടൊപ്പം മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. മദീനയിൽ അവർ രണ്ട് പേരും ഹദ്റത്ത് അബാദ് ബിൻ ബിശറിന്റെ അടുക്കൽ താമസമാക്കി. തിരുനബി(സ) ഹദ്റത്ത് അബൂ ഹുദൈഫയുടെയും ഹദ്റത്ത് അബാദ് ബിൻ ബിശറിന്റെയും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അതുപോലെ ഹദ്റത്ത് അബൂ ഹുദൈഫ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹജശിന്റെ സൈനികനീക്കത്തിലും പങ്കെടുത്തിരുന്നു.

ഈ സൈന്യത്തിന്റെ രൂപീകരണ പശ്ചാത്തലം ഇപ്രകാരമാണ്, മക്കയിലെ ഒരു നേതാവ് കുർസ് ബിൻ ജാബിർ ബിൻ ഫഹ്രി ഖുറൈശികളുടെ ഒരു സംഘവുമായി മദീനയിലേക്ക്

പുറപ്പെട്ടു. തന്ത്രപൂർവം പട്ടണത്തിൽ നിന്ന് മൂന്ന് മൈൽ അകലെയുള്ള മദീനയുടെ ഒരു മേച്ചിൽ സ്ഥലത്ത് കടന്നാക്രമണം നടത്തി. മുസ്ലിംങ്ങളുടെ ഒട്ടകങ്ങളെയും മറ്റും കൊള്ളയടിച്ചു. ഈ വിവരം ലഭിച്ചതും തിരുനബി(സ) ദ്രുതഗതിയിൽ സയ്യിദ് ബിൻ ഹാരിഥിനെ അദ്ദേഹത്തിന് പകരം അമീറായി നിയോഗിച്ച് കൊണ്ട് മുഹാജിറുകളുടെ ഒരു സംഘത്തോടൊപ്പം അക്രമികളെ പിടികൂടാനായി പുറപ്പെട്ടു. ബദറിന് സമീപത്തുള്ള സഫ്‌വാൻ വരെ അവരെ പിന്തുടർന്നെങ്കിലും അവർ രക്ഷപ്പെട്ട് കളഞ്ഞു. ഈ സൈനീകനീക്കത്തെ ഒന്നാം ബദർ പോരാട്ടമെന്നും വിളിക്കുന്നു. കുർസ് ബിൻ ജാബിറിന്റെ ഈ ആക്രമണം, ഒരു സാധാരണ കാട്ടറബിയുടെ കൊള്ളയായിരുന്നില്ല. മറിച്ച് അത് ഖുറൈശികളുടെ മുസ്ലീംങ്ങൾക്കെതിരെയുള്ള ഒരു ദുരുദ്ദേശപരമായ നീക്കമായിരുന്നു. ഒരുപക്ഷേ അവർ തിരുനബി(സ)യെ അപായപ്പെടുത്താനായി വന്നതായിരിക്കാം. എന്നാൽ മുസ്ലിംങ്ങൾ ജാഗരൂകരാണെന്ന് മനസ്സിലാക്കിയപ്പോൾ, അവർ കയ്യിൽ തടഞ്ഞ ഒട്ടകങ്ങളെയുംകൊണ്ട് കടന്ന് കളഞ്ഞതാകും. ഇതിൽ നിന്ന് മദീനയുടെ മേൽ തുടരെത്തുടരെ ഒളിപ്പോര് നടത്തി മുസ്ലിംങ്ങളെ നശിപ്പിച്ചു കളയുക എന്നതാണ് മക്കയിലെ ഖുറൈശികളുടെ ഉദ്ദേശ്യമെന്ന് മനസ്സിലാകുന്നു. കുർസ് ബിൻ ജാബിറിന്റെ ഈ പെട്ടെന്നുണ്ടായ ആക്രമണം സ്വാഭാവികമായും മുസ്ലിംങ്ങളിൽ വളരെയധികം ഭീതി പടർത്തി. കാരണം മുമ്പ് തന്നെ മദീനയെ ആക്രമിക്കുകയും മുസ്ലിംകളെ നശിപ്പിക്കുകയും ചെയ്യുമെന്ന് ഖുറൈശി നേതാക്കൾ ഭീഷണി ഉയർത്തിയിരുന്നു. അതുകൊണ്ടുതന്നെ മുസ്ലിംങ്ങൾ അതീവ ഉൽകണ്ഠയിലായിരുന്നു. ഈ ആപൽക്കരമായ അവസ്ഥ കാരണം തിരുനബി(സ) ഖുറൈശികളുടെ അനക്കമടക്കങ്ങൾ സമീപത്ത് ചെന്ന് മനസ്സിലാക്കാൻ തീരുമാനിച്ചു. അതിനായി നബി(സ) എട്ട് മുഹാജിറുകളുടെ ഒരു സംഘത്തെ തയ്യാറാക്കി. ഖുറൈശികളുടെ രഹസ്യനീക്കങ്ങൾ അറിയാനുള്ള എളുപ്പത്തിനു വേണ്ടി ഖുറൈശികളുടെ വിവിധ ഗോത്രങ്ങളുമായി ബന്ധമുള്ളവരെയാണ് ഈ സംഘത്തിൽ നിയമിച്ചിരുന്നത്. അദ്ദേഹം പിതൃസഹോദരി പുത്രൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹശിനെ ഈ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചു. അതിൽ ഹുദൈഫ ബിൻ ഉത്ബയും ഉണ്ടായിരുന്നു.

മദീനയിൽ നിന്ന് രണ്ട് ദിവസത്തെ ദൂരം താണ്ടിയ ശേഷം തിരുനബി(സ)യുടെ നിർദേശപ്രകാരം ഏട്ട് പേരടങ്ങുന്ന ഈ സംഘം മക്കക്കും തായിഫിനും ഇടയിൽ സ്ഥിതി ചെയ്യുന്ന നഖ്ല താഴ്‌വരയിലേയ്ക്ക് പുറപ്പെട്ടു. വഴിമധ്യേ സഅദ് ബിൻ അബിവഖാസിന്റെയും ഉത്ബ ബിൻ ഗസ്‌വാന്റെയും ഒട്ടകങ്ങളെ കാണാതായി. ഒട്ടകങ്ങളെ തിരഞ്ഞ് പോയ അവർക്ക് കൂട്ടംതെറ്റി. ബാക്കിയുള്ളവർ ഒരുപാട് നേരം അന്വേഷിച്ചെങ്കിലും അവരെ കണ്ടുകിട്ടിയില്ല. അങ്ങനെ സംഘത്തിൽ വെറുംആറുപേർഅവശേഷിച്ചു. മുസ്ലിംങ്ങളുടെ ഈ ചെറു സംഘം നഖ്ല താഴ്‌വരയിൽ എത്തി. അവർ തങ്ങളുടെ ജോലിയിൽ വ്യാപൃതരായി. അവരിൽ ചിലർ രഹസ്യം വെളിപ്പെടാതിരിക്കാനായി തങ്ങളുടെ തല മുണ്ഡനം ചെയ്തു. വഴിയാത്രക്കാരോ മറ്റോ അതുവഴി പോകുമ്പോൾ അവരെ കണ്ടാൽ ഉംറ ചെയ്യാൻ പോകുന്നവരാണെന്ന് ധരിക്കാൻ വേണ്ടിയാണ് അപ്രകാരംചെയ്തത്. എന്നാൽ അവിടെ എത്തി താമസിയാതെ തായിഫിൽ നിന്നും മക്കയിലേക്ക് പോകുന്ന ഖുറൈശികളുടെ ഒരു ചെറുസംഘം അവരെ കണ്ടു. ഇവർ മുസ്ലിംകളാണെന്ന് വന്നവർക്ക് മനസ്സിലായി. അവർ മുസ്ലിംങ്ങളോട് യുദ്ധം ചെയ്യാൻ തീരുമാനിച്ചുറച്ചു. ഇനിയെന്തു ചെയ്യുമെറിയാതെ മുസ്ലിംങ്ങൾ പരസ്പരം നോക്കി. തിരുനബി(സ) രഹസ്യവിവരങ്ങൾ അറിയുന്നതിനായി അവരെ അയച്ചതായിരുന്നു. മറുവശത്ത് ഖുറൈശികളുമായി യുദ്ധം തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇരുകൂട്ടരും അഭിമുഖമായി നില്ക്കുകയാണ്. ഖുറൈശികളുടെ സംഘം മുസ്ലിംങ്ങളെ കണ്ടതിനാൽ രഹസ്യവിവരങ്ങൾ അറിയാൻ വന്ന കാര്യം ഇവർ മുഖേന പരസ്യമാകുമെന്ന വലിയ അപകടം ഉണ്ടായിരുന്നു. അവരിൽ ചില മുസ്ലിംങ്ങൾ തുടക്കത്തിൽ അഭിപ്രായപ്പെട്ടിരുന്നത് അത് ആദരണീയ മാസത്തിന്റെ അവസാന നാളുകളായിരുന്നതിനാലും അറബികളുടെ പുരാതന രീതിയുടെ അടിസ്ഥാനത്തിൽ യുദ്ധങ്ങളൊന്നും അപ്പോൾ അനുവദനീയമായിരുന്നില്ലാത്തതിനാലും പ്രത്യേകിച്ച് നഖ്ല താഴ്‌വര ഹറമിന്റെ പരിധയിൽ ഉൾപ്പെട്ടിരുന്നതിനാലും യുദ്ധം നടക്കരുതെന്നായിരുന്നു. എന്നാൽ അവസാനം ഈ ആറു മുസ്ലിംങ്ങളും ആ സംഘത്തെ ആക്രമിച്ച് അവരെ ബന്ധനസ്ഥരാക്കുകയോ വധിക്കുകയോ ചെയ്യാൻ തീരുമാനിച്ചു. അവർ അല്ലാഹുവിന്റെ നാമത്തോടെ യുദ്ധം ആരംഭിച്ചു. അതിന്റെ ഫലമായി ശത്രുക്കളിൽ നിന്നും അംർ ബിൻ അൽഹദ്റമി എന്ന് പേരുള്ള ഒരു വ്യക്തി വധിക്കപ്പെട്ടു. രണ്ട്പേരെ ബന്ധനസ്ഥരാക്കി. എന്നാൽ നാലാമത്തെയാൾ ഓടി രക്ഷപ്പെട്ടു. മുസ്ലിംങ്ങൾക്ക് അയാളെ പിടികൂടാൻ സാധിച്ചില്ല. അപ്രകാരം മുസ്ലിംങ്ങളുടെ ആ പദ്ധതി പരിപൂർണ വിജയത്തിലെത്തിയില്ല. അതിനുശേഷം മുസ്ലിംങ്ങൾ ആ സംഘത്തിന്റെ ചരക്കുകൾ കൈക്കലാക്കി. ഒരു ഖുറൈശി ഓടി രക്ഷപ്പെട്ടതിനാൽ ഈ യുദ്ധത്തെ കുറിച്ചുള്ള വിവരം വേഗത്തിൽ മക്കയിലെത്തുമെന്ന് മനസ്സിലാക്കിയ അബ്ദുല്ലാഹ് ബിൻ ജഹശും കുട്ടാളികളും യുദ്ധമുതലുമായി പെട്ടെന്ന് തന്നെ മദീനയിലേയ്ക്ക് തിരിച്ചു.

സഹാബാക്കൾ യാത്രാസംഘത്തെ ആക്രമിച്ച വിവരംതിരുനബി(സ)ക്ക് ലഭിച്ചപ്പോൾ അദ്ദേഹം വളരെയധികം നീരസം പ്രകടിപ്പിച്ചുകൊണ്ട്പറഞ്ഞു, ഞാൻ നിങ്ങൾക്ക് ഹറം മാസത്തിൽ യുദ്ധം ചെയ്യാൻ അനുവാദം നല്കിയിരുന്നില്ല. അവിടുന്ന് യുദ്ധമുതൽ സ്വീകരിക്കുന്നത് പൂർണ്ണമായും വിസമ്മതിച്ചു. അതിൽ അബ്ദുല്ലായും അദ്ദേഹത്തിന്റെ കുട്ടാളികളും വളരെയധികം ലജ്ജിതരായി. അവർ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നീരസം കാരണം ഞങ്ങൾ നശിച്ച് പോയതുതന്നെ എന്നുകരുതി. മുസ്ലിംങ്ങൾ ആദരണീയമാസത്തിന്റെ പവിത്രത നശിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ഖുറൈശികളും ബഹളംവെക്കാൻ തുടങ്ങി. അവസാനം ഖുർആനിക വഹ്‌യ് അവതരിച്ചതിലൂടെ മുസ്ലിംങ്ങൾക്ക് ആശ്വാസമായി.

ചരിത്രത്തിൽ നിന്ന് മനസിലാകുന്നത്, ഇസ്ലാമിനെതിരിൽ ഖുറൈശി നേതാക്കൾ(അവരുടെ) യുദ്ധനടപടികൾ

ആദരണീയമാസങ്ങളിലും തുടർന്ന് കൊണ്ടിരുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ മറുപടി നല്കിയതോടെ മുസ്ലിംങ്ങൾക്ക് ആശ്വാസം ലഭിച്ചതോടൊപ്പംതന്നെ ഖുറൈശികളും അല്പം ഒന്നടങ്ങി. പിടികൂടിയ രണ്ട് അവിശ്വാസികളെ മുസ്ലിംങ്ങൾ തടവിലാക്കിയിരുന്നു. പിന്നീട് തിരുനബി(സ) മോചനദ്രവ്യം വാങ്ങി അവരെയും വിട്ടയച്ചു. എന്നാൽ തടവുകാരിൽ ഒരാൾ മദീനയിൽ താമസിച്ച കാലയളവിൽ തിരുനബി(സ)യുടെ സ്വഭാവമഹിമ ദർശിക്കുകയും ഇസ്ലാമിക അധ്യാപനങ്ങളുടെ സത്യസാക്ഷ്യം അഗാധതലത്തിൽ അദ്ദേഹത്തിൽ പ്രഭാവം ചെലുത്തുകയും ചെയ്തു. അത്കൊണ്ട് തന്നെ മോചിതനായിട്ടും തിരിച്ച് പോകുന്നതിന് കൂട്ടാക്കാതെ തിരുനബി(സ)യുടെ കരങ്ങളിൽ ബയ്അത്ത് ചെയ്ത് അദ്ദേഹത്തിന്റെ ആത്മാർഥസഖ്യത്തിലുൾപ്പെടുകയും ചെയ്തു. അവസാനം ബിഅ്റെ മഊനയിൽ ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ നാമം ഹകം ബിൻ ഖയ്സാൻ എന്നായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു, ഹദ്റത്ത് അബൂ ഹുദൈഫയെ കുറിച്ച് വരുന്നു, ബദർ പോരാട്ട ദിവസം അദ്ദേഹം തന്റെ പിതാവിനെ അക്രമിക്കാനായി മുന്നോട്ട് വന്നു. കാരണം അദ്ദേഹത്തിന്റെ പിതാവ് മുസ്ലിം ആയിരുന്നില്ല. അവിശ്വാസികളോടൊപ്പമാണ് അവിടെ എത്തിയത്. എന്നാൽ നബി(സ) അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു, അയാളെ വിട്ടേക്കൂ മറ്റാരെങ്കിലും അയാളെ വധിക്കുന്നതായിരിക്കും. അങ്ങനെ അദ്ദേഹത്തിന്റെ പിതാവ്, പിതൃവ്യൻ, സഹോദരൻ, സഹോദരപുത്രൻ എല്ലാവരും വധിക്കപ്പെട്ടു. ഹദ്റത്ത് അബൂ ഹുദൈഫ വളരെയധികം സഹനം പ്രകടിപ്പിച്ചു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായി കൊണ്ട് റസൂലുല്ലാ(സ)യുടെ സത്യതയ്ക്ക് വേണ്ടി വെളിപ്പെട്ട അല്ലാഹുവിന്റെ സഹായത്തിൽ അതായത് യുദ്ധവിജയത്തിൽ അദ്ദേഹം അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചു. ഈ സംഭവത്തെ കുറിച്ച് ഒരു നിവേദനം ലഭിക്കുന്നത് ഇപ്രകാരമാണ്, ഇബ്നു അബ്ബാസ് വിവരിക്കുന്നു, ബദർ യുദ്ധദിവസം തിരുനബി(സ)പറഞ്ഞു, നിങ്ങളുടെ ആരുടെ മുന്നിൽഅബ്ബാസ് വന്നാലും അദ്ദേഹത്തെ വധിക്കരുത്. കാരണം അദ്ദേഹം നിർബന്ധസാഹചര്യത്തിലാണ് പുറപ്പെട്ടത്. വധിക്കുന്നതിനു പകരം തടവിലാക്കുക. ഹദ്റത്ത് അബൂഹുദൈഫ ഇതറിഞ്ഞപ്പോൾ അദ്ദേഹം തന്റെ ഒരു സുഹൃത്തിനോട് പറഞ്ഞു,നമ്മൾ സ്വന്തം പിതാവിനെയും സഹോദരനെയും ബന്ധുകളെയും വധിക്കുകയും അബ്ബാസിനെ വെറുതെവിടുകയും ചെയ്യണമെന്നാണോ? ഇത് എന്താണ്? അല്ലാഹുവാണ! എന്റെ മുമ്പിൽ വന്നാൽ ഞാൻ തീർച്ചയായും വാൾപ്രയോഗിക്കുക തന്നെ ചെയ്യും. തിരുനബി(സ) ഈ കാര്യംഅറിഞ്ഞപ്പോൾ ഹദ്റത്ത് ഉമറിനോട് പറഞ്ഞു, അല്ലയോ അബൂ ഹഫസ്! ദൈവദൂതന്റെ പിതൃവ്യന്റെ മുഖത്ത് വാൾ പ്രയോഗിക്കപ്പെടുമെന്നോ? ഹദ്റത്ത് ഉമർ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! വാൾ കൊണ്ട് അയാളുടെ തലകൊയ്യാനുള്ള അനുവാദം എനിക്ക് നല്കിയാലും. അല്ലാഹുവിനെ കൊണ്ട് സത്യം! ഞാൻ അയാളിൽ മുനാഫിഖത്ത് കാണുന്നു. നബി(സ) അദ്ദേഹത്തെ തടഞ്ഞു. ഹദ്റത്ത് അബൂ ഹുദൈഫ പറയാറുണ്ടായിരുന്നു, ഞാൻ അന്ന് പറഞ്ഞ കാര്യത്തിന്റെ ദോഷത്തിൽനിന്ന് ശഹാദത്തിന്റെ മരണം എന്നെ മോചിപ്പിക്കുന്നതു വരെരക്ഷപ്പെടുകയില്ല. നിവേദകൻ പറയുന്നു: അങ്ങനെ അദ്ദേഹം യമാമ യുദ്ധദിവസം ശഹാദത്ത് കരസ്ഥമാക്കി.

ഹദ്റത്ത് ആയിശ വിവരിക്കുന്നു: നബി(സ) വധിക്കപ്പെട്ട മുശ്രിക്കുകളെ ഒരു പൊട്ടകിണറിലേയ്ക്ക് വലിച്ചെറിയാൻ കല്പന നല്കി. അങ്ങനെ അവരെ അതിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. അപ്പോൾ ഹദ്റത്ത് അബൂ ഹുദൈഫയുടെ മുഖത്ത് അനിഷ്ടത്തിന്റെ അടയാളങ്ങൾ പ്രകടമായി. കാരണം അദ്ദേഹത്തിന്റെ പിതാവിനെയും ആ കിണറിലേയ്ക്ക് എറിയപ്പെട്ടിരുന്നു. നബി(സ) അദ്ദേഹത്തോട് പറഞ്ഞു: അല്ലാഹുവാണ! നിന്റെ പിതാവിനോടുള്ള പെരുമാറ്റത്തിൽ നിനക്ക് വിഷമം ഉണ്ടായതായിതോന്നുന്നു. ഹദ്റത്ത് അബൂ ഹുദൈഫ പറഞ്ഞു, അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അല്ലാഹുവാണ സത്യം എനിക്ക് അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെ കാര്യത്തിലും യാതൊരു സംശയവുമില്ല. എന്നാൽ എന്റെ പിതാവ് സൗമ്യനും സത്യവാനും വിവേകിയുമായിരുന്നു. യാതൊരു ദുരുദ്ദേശവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. മരിക്കുന്നതിന് മുമ്പ് അദ്ദേഹം ഇസ്ലാമിലേക്കു പ്രവേശിക്കണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചത്. എന്നാൽ അത് ഇനി സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ പര്യവസാനം ഇപ്രകാരം സംഭവിക്കുകയും ചെയ്തതിൽ ഞാൻ ദുഖിക്കുന്നു. അപ്പോൾ റസൂലുല്ലാഹ്(സ) അബൂഹുദൈഫയുടെ നന്മക്കായി ദുആ ചെയ്തു. ഹദ്റത്ത് അബൂഹുദൈഫ എല്ലാ യുദ്ധങ്ങളിലും തിരുനബി(സ)യോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഉണ്ടായ യമാമ യുദ്ധത്തിൽ അമ്പത്തിമൂന്നോ, അമ്പത്തിനാലോ വയസ്സിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഇനി ഞാൻ നമ്മുടെ ജമാഅത്തിലെ ഒരു ദീർഘകാലസേവകനും മഹാനുഭാവനുമായ പ്രൊഫസർ സഊദ് അഹ്മദ് ഖാൻ സാഹിബ് ദഹ്ലവിയെ കുറിച്ച് അനുസ്മരിക്കുന്നതാണ്. അദ്ദേഹം ജനുവരി 21 ന് ദൈവഗതി പാപിച്ചു. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുഹമ്മദ് ഹസൻ ഇഹ്സാൻ ദഹ്ലവി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബികളിൽ ഉൾപ്പെട്ടിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മഹ്മൂദ് ഹസൻ ഖാൻ സാഹിബ് മുദർരിസ് പട്ട്യാലയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബി ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ 313 സഹാബാക്കളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ മുന്നൂറ്റിഒന്നാമത്തെ പേര് അദ്ദേഹത്തിന്റെതായിരുന്നു. പ്രൊഫസർ സഊദ് ഖാൻ സാഹിബിന്റെ പിതാവ് ഹദ്റത്ത് മുഹമ്മദ് ഹസൻ ഇഹ്സാൻ ദഹ്ലവി സാഹിബിന് പത്തോ പന്ത്രണ്ടോ വയസ്സ് പ്രായത്തിൽ ഖുത്ബ ഇൽഹാമിയായുടെ സന്ദർഭത്തിൽ ഖാദിയാനിൽ വരാനും ആ അതിമഹത്തായ അടയാളം നേരിട്ട് ദർശിക്കാനും സൗഭാഗ്യം സിദ്ധിച്ചു. പ്രൊഫസർ സഊദ് ഖാൻ സാഹിബ് ഏപ്രിൽ 1945 ന് വഖ്ഫ് ചെയ്തു. അദ്ദേഹം അലിഗഡ്യൂണിവേഴ്സിറ്റിയിൽ നി

ന്ന് ഫാർസിയിൽ ബി.എ. ബിരുദം നേടി. 1955ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹോദരങ്ങളുടെയും വഖ്ഫിനെ കുറിച്ച് വിവരിച്ച്കൊണ്ട് ഒരു ഖുത്ബയിൽ പറയുന്നു, മാസ്റ്റർ മുഹമ്മദ് ഹസൻ ഇഹ്സാൻ സാഹിബ് കാണിച്ച മാതൃക അഭിനന്ദനീയാമണ്. അദ്ദേഹം ഒരുസാധാരണ അധ്യാപകനായിരുന്നു. അതുപോലെ ദരിദ്രനുമായിരുന്നു. അദ്ദേഹം പട്ടിണികിടന്ന് തന്റെ മക്കൾക്ക് വിദ്യാഭ്യാസം നല്കി. അവരെ ബിരുദധാരികളാക്കി. പിന്നെ ഏഴ് ആൺകുട്ടികളിൽ നിന്ന് നാല് ആൺകുട്ടികളെ ജമാഅത്തിന് നല്കി. അവർ നാല് പേരും ദീനിസേവനത്തിൽ മുഴുകിയിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പശ്ചിമ ആഫ്രിക്കയിലെ ഘാനയിലേയ്ക്ക് ഇദ്ദേഹത്തെ ദീനിസേവനത്തിനായി 1950 ൽ അയച്ചു. 1950 ൽ കിഴക്ക് പടിഞ്ഞാറൻ ആഫ്രിക്കയിലേക്കും ഹോളണ്ടിലേക്കും അയച്ച എട്ട് അഹ്മദിയ്യാ മുബല്ലിഗുമാരുടെ യാത്രയയപ്പിനെ കുറിച്ച് വിവരിക്കുന്ന താരീഖെ അഹ്മദിയ്യത്തിൽ അദ്ദേഹത്തിന്റെ നാമം പ്രഥമശ്രേണിയിലാണ്.

പ്രൊഫസർ സഊദ് ഖാൻ സാഹിബ് ദഹ്‌ലവിയുടെ ശിഷ്യഗണത്തിൽ ബഹുമാന്യ അബ്ദുൽ വഹാബ് ആദം സാഹിബ് ഘാനയും ബി.കെ. ആഡൂ സാഹിബും ഉൾപ്പെടുന്നു. 1968 ൽ പാകിസ്ഥാനലേക്ക് തിരിച്ച് വന്നതിന് ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് പ്രൊഫസർ സഊദ് ഖാൻ സാഹിബ് ദഹ്‌ലവിയെ തഅ്‌ലീം ഇസ്‌ലാം കോളേജിലെ അധ്യാപകനായി നിയമിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ ജാമിഅ അഹ്മദിയ്യായിൽ ഒരു വർഷത്തേക്ക് ഇംഗ്ലീഷ് അധ്യാപകനായും നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൾ റാശിദ സാഹിബ എഴുതുന്നു, എന്റെ പിതാവ് അങ്ങേയറ്റം സൗമ്യപ്രകൃതനും വിനയാന്വിതനും അപാര പണ്ഡിതനുമായായിരുന്നു. ആരാധനകളിൽ ബദ്ധശ്രദ്ധനും തഹ്ജ്ജുദ് അനുഷ്ഠിക്കുന്ന വ്യക്തിയുമായിരുന്നു. അതിഥിസൽക്കാരപ്രിയനും എളിമയുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരപുത്രൻ നഫീസ് അഹ്മദ് മുറബ്ബി പറയുന്നു, അങ്ങേയറ്റം വിനയപ്രകൃതനായിരുന്നു. മുത്തഖിയും അല്ലാഹുവിൽ തവക്കുൽ അർപ്പിച്ച ഒരു നന്മ നിറഞ്ഞ സാധാരണ മനുഷ്യനുമായിരുന്നു. അദ്ദേഹത്തിന്റെ ആത്മാർഥതയും ദീനിസേവനത്തിനായുള്ള ആവേശവും ജീവിതം വഖ്ഫ് ചെയ്ത എല്ലാവർക്കും മാതൃകായോഗ്യമായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു, യഥാർഥത്തിൽ അദ്ദേഹത്തിന്റെ പ്രത്യേകതകൾ അദ്ദേഹത്തെ കുറിച്ച് എഴുതിയിരിക്കുന്നതിനെക്കാൾ അധികമാണ്. അദ്ദേഹത്തിന് ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ബന്ധമുണ്ടായിരുന്നു. അതിൽ അസാധാരണമായ നിലവാരംവച്ചു പുലർത്തിയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും തലമുറകൾക്കും ഖിലാഫത്തിനോടും ജമാഅത്തിനോടും എപ്പോഴും ബന്ധം നിലനിർത്താൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന്റെ പദവിയും ഉയർത്തി കൊണ്ടിരിക്കട്ടെ. നമസ്കാരത്തിന് ശേഷം അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കാരവും നിർവഹിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 01.02.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516